"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി.എം.ഗീതയെ കുടുംബശ്രീയിലെ ചീഫ് ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.52/2024/LSGD    തീയതി,തിരുവനന്തപുരം, 08-01-2024

---

പരാമർശം:-
1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന
3. സ.ഉ.(കൈ) നം. 72/2021/തസ്വഭവ തീയതി 25/02/2021
4. 11/01/2023 -ലെ സ.ഉ.(സാധാ) നം.83/2023/തസ്വഭവ

**<u>ഉത്തരവ്</u>**

കുടുംബശ്രീ സംസ്ഥാന മിഷനിൽ ചീഫ് ഫിനാൻസ് ഓഫീസർ തസ്തിക സൃഷ്ടിച്ചും ധനകാര്യ വകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചീഫ് ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നല്കിയും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയും നിലവിൽ കുടുംബശ്രീയിലെ ചീഫ് ഫിനാൻസ് ഓഫീസറായി പരാമർശം (4) പ്രകാരം അന്യത്രസേവനമനുഷ്ഠിച്ച് വരുന്നതുമായ ശ്രീ.വി.അജയകുമാർ എന്നവരെ അന്യത്രസേവന കാലാവധി കഴിയുന്ന മുറയ്ക്ക് മടക്കി അയക്കുന്നതിനു അംഗീകാരം നല്കിക്കൊണ്ടും പകരം ധനവകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീമതി.എം.ഗീതയെ കുടുംബശ്രീ സംസ്ഥാന മിഷനിൽ ചീഫ് ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ.വി.അജയകുമാർ, അഡീഷണൽ സെക്രട്ടറി (ധനകാര്യ വകുപ്പ് മുഖേന)
ശ്രീമതി.എം.ഗീത, അഡീഷണൽ സെക്രട്ടറി (ധനകാര്യ വകുപ്പ് മുഖേന)
പൊതുഭരണ വകുപ്പ് (SPL-E2/301/2023/GAD പ്രകാരം)/ധനകാര്യ വകുപ്പ് (1746603-ഭരണം A2/124/2021-ധന പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഐ.& പി.ആർ (വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/449/23-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

Date: 08-01-2024 12:21:33

സെക്ഷൻ ഓഫീസർ